# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ഒരു ചെറുപുഞ്ചിരി മതി, ലോകം മാറിമറിയാൻ



ഹൃദയം തുറന്നുള്ള ഒരു ചെറുപുഞ്ചിരിയിൽ എന്തിരിക്കുന്നു എന്നാണോ ? എന്നാലതിന് ലോകത്തെത്തന്നെ മാറ്റിമറിക്കാനുള്ള ശക്തിയുണ്ടെന്നാണ് ഫ്രാൻസിസ് പാപ്പായുടെ ഭാഷ്യം."ഊഷരമായ ഭൂമിയിൽ അതു മഴ പെയ്യിക്കും. മരുഭൂമിയിലെ മരുപ്പച്ചപോലെ വരണ്ട ഭൂമികളെ സമ്പന്നമാക്കും. കുടുംബാംഗങ്ങളുടെ കാപട്യമില്ലാത്ത സ്നേഹവും ഹൃദയഭേദകമായ ചിരിയും ലോകമാകുന്ന കുടുംബത്തിന്റെ വർത്തമാനഅവസ്ഥയെ ആകമാനം മാറ്റിമറിക്കുമെന്നാണ് ഫ്രാൻസിസ്പാപ്പ പറഞ്ഞത്. തണുത്തിരിക്കുന്ന ഭൂമിക്ക് അതു ചൂടുപകരുമെന്നും ലോകം എത്രയൊക്കെ വികസിച്ചാലും സാങ്കേതികവിദ്യകൾ എത്രയൊക്കെ മാറിയാലും ഈ സ്നേഹവും സന്തോഷവുമില്ലെങ്കിൽ നമ്മുടെ ജീവിതം നിരർത്ഥകമാണ്. കാപട്യമില്ലാത്ത സ്നേഹം എവിടെനിന്നും വാങ്ങാൻ പറ്റുന്നതല്ല. അത് ഒരുവന്റെ ഉള്ളിൽ തന്നെ ഉള്ളതാണ്.

ഈ സ്നേഹത്തിന്റെ വ്യാകരണം നാം അഭ്യസിക്കുന്നത് സ്വന്തം കുടുംബങ്ങളിൽ നിന്നു തന്നെയാണ്. സ്വാർത്ഥതയില്ലാത്ത, കറ പുരളാത്ത സ്നേഹമാണത്. ആ സ്നേഹ ത്തിന് ഒരിക്കലും മരണമില്ല. നഗരങ്ങൾ ഇന്ന് സ്നേഹശൂന്യമായ ഇടങ്ങൾ മാത്രമായി മാറിയിരിക്കുകയാണ്. ഇവിടങ്ങളിൽനിന്നും യഥാർത്ഥസ്നേഹം അപ്രത്യക്ഷമായി രിക്കുന്നു. കുടുംബത്തിനായി മാറ്റിവെയ്ക്കാൻ ഈ നെട്ടോട്ടത്തിനിടയിൽ സമയമില്ല. ഒന്നു ചിരിക്കാൻ പോലും മറക്കുന്നു. ഏതോ മായയുടെ പിന്നാലെ പരക്കം പായുന്ന തിനിടയിൽ ജീവിതത്തിലെ തിക്കിത്തിരക്കലുകൾക്കിടയിൽ ചവിട്ടിയരയ്ക്കപ്പെടുന്നത് പവിത്രമായ മൂല്യങ്ങളാണ്."ദമ്പതികൾ സുവിശേഷപുണ്യങ്ങൾക്കനുസൃതമായ ജീവിതം നയിക്കണമെന്നും അത് മക്കളിലേക്കും പകരണമെന്നും ഫ്രാൻസിസ് പാപ്പാ കൂട്ടിച്ചേർത്തു.